തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പണ്ഡിതസഭ
## ഇരുപത്തിയഞ്ചാമത് യോഗതീരുമാനങ്ങൾ
### തിരൂർ, 2022 മാർച്ച് 07, രാവിലെ 10.30 ന്

**പങ്കെടുത്തവർ**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ)
2. ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്)
3. ശ്രീ കെ. സച്ചിദാനന്ദൻ
4. ഡോ. ജെ പ്രസാദ്
5. ഡോ. ഇ.കെ. ഗോവിന്ദവർമ രാജ
6. ഡോ. എ.കെ. നമ്പ്യാർ
7. ഡോ. യു.എ. മോഹൻദാസ്
8. ഡോ. എൻ.പി. ചന്ദ്രശേഖരൻ
9. ശ്രീ സദനം ഹരികുമാർ
10. ഡോ. എം. കൃഷ്ണൻ നമ്പൂതിരി
11. ഫാദർ പോൾ പൂവത്തിങ്കൽ
12. ഡോ. ഖദീജാ മുംതാസ്
13. ഡോ. ടി. ബി. വേണുഗോപാലപണിക്കർ
14. കലാമണ്ഡലം ഹൈമവതി
15. ഡോ. കർണമഹാരാജൻ
16. ഡോ. പി.കെ. പോക്കർ
17. ഡോ. ലിസ്സി മാത്യു
18. ഡോ. സി. രാജേന്ദ്രൻ
19. ഡോ. ചാക്കപ്പെൻ. സി.ഡി
20. ഡോ. സ്മിത കെ. നായർ (ഡയറക്ടർ ഭാഷാശാസ്ത്രപഠന സ്കൂൾ)
21. ഡോ. രോഷ്നി സ്വപ്ന (ഡയറക്ടർ സാഹിത്യപഠനസ്കൂൾ)
22. ഡോ. അശോക് ഡിക്രൂസ് (ഡയറക്ടർ സാഹിത്യരചന സ്കൂൾ, വിദ്യാർത്ഥിക്ഷേമ ഡയറക്ടർ)
23. ഡോ. കെ.എസ്. രാഗിണി (ഡയറക്ടർ മാധ്യമപഠന സ്കൂൾ)
24. ഡോ. ശ്രീജ എൽ.ജി. (ഡയറക്ടർ ചരിത്രപഠന സ്കൂൾ)
25. ഡോ. ജി. സജിന (ഡയറക്ടർ സംസ്കാരപൈതൃകപഠന സ്കൂൾ)
26. ഡോ. സുന്ദരരാജ് ടി. (ഡയറക്ടർ സോഷ്യോളജി സ്കൂൾ)
27. ഡോ. ധന്യ ആർ. (ഡയറക്ടർ പരിസ്ഥിതിപഠന സ്കൂൾ)
28. ഡോ. മല്ലിക എം.ജി. (ഡയറക്ടർ വികസനപഠന സ്കൂൾ)
29. ഡോ. സുധീർ എസ്. (ഡയറക്ടർ ചലച്ചിത്രപഠന സ്കൂൾ)
30. ഡോ. അനിൽ കെ.എം. (ഡയറക്ടർ എഴുത്തച്ഛൻപഠന സ്കൂൾ)
31. ഡോ. രാജീവ് മോഹൻ ആർ. (ഡയറക്ടർ, ഐ.ക്യു.എ.സി., പ്രത്യേക ക്ഷണിതാവ്)

## തീരുമാനങ്ങൾ

ഇനം നമ്പർ: **2022.01**

വിഷയം: **ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സി.ബി.സി.എസ്. - ഒ.ബി.ഇ. പാഠ്യ പദ്ധതി 2021 – 2022 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കുന്ന വിഷയം പരി ഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലയിലെ പഠനസ്കൂളുകൾ ഒ.ബി.ഇ. മാതൃകയിൽ തയ്യാറാക്കി അതത് പഠനബോർഡുകളെകൊണ്ട് അംഗീകരിച്ച പാഠ്യപദ്ധതികൾ 2021 – 2022 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കുന്നതിന് പണ്ഡിതസഭ അംഗീ കാരം നൽകി.

(നമ്പർ: 2231/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.02**

വിഷയം: **എം.എ. വികസനപഠനം (തദ്ദേശവികസനം) കോഴ്സിന്റെ 2019–21 പാഠ്യപ ദ്ധതി അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: എം.എ. വികസനപഠനം (തദ്ദേശവികസനം) കോഴ്സിന്റെ 2019–21 പാഠ്യപ ദ്ധതി മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ചു.

(നമ്പർ: 2346/എ2/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.03**

വിഷയം: **പരിസ്ഥിതിപഠന ഫാക്കൽറ്റി രൂപീകരണം സംബന്ധിച്ച്**

തീരുമാനം: 2019–2021 അക്കാദമികവർഷം മുതൽ മുൻകാല പ്രാബല്യത്തോടെ പരി സ്ഥിതിപഠന ഫാക്കൽറ്റി രൂപീകരിക്കുന്നതിനും പരിസ്ഥിതിപഠന സ്കൂളിലെ എം.എ./എം.എസ്.സി./എം.ഫിൽ/പിഎച്ച്.ഡി. കോഴ്സുകളെ പരിസ്ഥിതിപ ഠന ഫാക്കൽറ്റിക്കു കീഴിൽ കൊണ്ടുവരുന്നതിനുമുള്ള സ്കൂൾ ഡയറക്ട റുടെ ശുപാർശ അംഗീകരിച്ചു.

(നമ്പർ: 2081/എ1/2018/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2022.04**

വിഷയം: **2019–21 ബാച്ചിന് മുൻപ് എം.എ തദ്ദേശവികസനപഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ അപേക്ഷിക്കുന്നവർക്ക് എം.എ.വികസനപഠനം (തദ്ദേശ വികസനം) തുല്യതാപരീക്ഷ നടത്തുന്നതിനുള്ള പേപ്പറുകൾ തീരുമാനി ക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2019–21 ബാച്ചിന് മുൻപ് എം.എ തദ്ദേശവികസനപഠനം പൂർത്തിയാക്കിയ വി ദ്യാർത്ഥികളിൽ അപേക്ഷിക്കുന്നവർക്ക് എം.എ.വികസനപഠനം (തദ്ദേശവി കസനം) തുല്യതാപരീക്ഷ നടത്തുന്നതിനുള്ള പേപ്പറുകൾ നിശ്ചയിച്ച പഠന ബോർഡിന്റെ ശുപാർശ കണക്കിലെടുത്ത് തുല്യതാപരീക്ഷ ഒറ്റത്തവണയായി നടത്തുന്നതിനും അതിൽ പാസാവുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ബിരുദസർട്ടിഫിക്കറ്റ് സർവകലാശാല മുമ്പ് വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അവ തിരികെ വാങ്ങി എം.എ.വികസനപഠനം (തദ്ദേശവികസനം) എന്ന വിഷ യത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കി പൊതുസഭയുടെ അംഗീകാരത്തോടെ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതിനും തീരുമാനിച്ചു.

(നമ്പർ: 2346/എ2/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.05**

വിഷയം: **എഴുത്തച്ഛൻ പഠനസ്കൂൾ 2022-23 അദ്ധ്യയനവർഷം എം.എ. താരതമ്യ-വിവർത്തനപഠനം പ്രോഗ്രാം, പിഎച്ച്.ഡി. പ്രോഗ്രാം എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2022-2023 അദ്ധ്യയനവർഷം മുതൽ എഴുത്തച്ഛൻ പഠനസ്കൂളിൽ എം.എ. താരതമ്യ-വിവർത്തന പഠനം, പിഎച്ച്.ഡി. പ്രോഗ്രാമുകൾ തുടങ്ങുന്നതിന് ശുപാർശ ചെയ്തു.

(നമ്പർ: 3701/എ1/2019/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.06**

വിഷയം: **ചരിത്രപഠനസ്കൂൾ സാമൂഹ്യശാസ്ത്രഫാക്കൽറ്റിക്ക് കീഴിലായി സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതും, ചരിത്രപഠനസ്കൂളിന്റെ ഇംഗ്ലീഷ് വിവർത്തനം School of History എന്നതിനുപകരം School of Historical Studies എന്നാക്കി മാറ്റുന്നതും സംബന്ധിച്ച്**

തീരുമാനം: ചരിത്രപഠനസ്കൂളിന്റെ ഇംഗ്ലീഷ് വിവർത്തനം School of History എന്നതിനുപകരം School of Historical Studies എന്നാക്കി മാറ്റുന്നതിനും ചരിത്രപഠനസ്കൂൾ പൈതൃകഫാക്കൽറ്റിയിൽ നിന്നും നീക്കം ചെയ്ത സാമൂഹ്യശാസ്ത്രഫാക്കൽറ്റിക്കു കീഴിൽ ആക്കുന്നതിനും 2019 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലെ അദ്ധ്യായം 14, 16 എന്നിവയിലെ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടികൾ എടുക്കുവാൻ നിർവാഹകസമിതിക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

(നമ്പർ: 2081/എ1/2018/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2022.07**

വിഷയം: **09.09.2021 ന് ചേർന്ന കലാഫാക്കൽറ്റി ഉപദേശകസമിതിയുടെ 2-ാമത് യോഗതീരുമാനങ്ങൾ അക്കാദമിക് കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്ന കുറിപ്പ്**

തീരുമാനം: 09.09.2021 ന് ചേർന്ന കലാഫാക്കൽറ്റി ഉപദേശകസമിതിയുടെ 2-ാമത് യോഗതീരുമാനങ്ങൾ അംഗീകരിച്ചു. ഉപദേശകസമിതിയിൽ വ്യത്യസ്ത കലാവിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിന് വൈസ് ചാൻസലറെ അധികാരപ്പെടുത്തി.

കലാമണ്ഡലം ഹൈമവതിയെ കലാഫാക്കൽറ്റിയുടെ ഡീൻ എന്ന നിലയിൽ കലാഫാക്കൽറ്റി ഉപദേശകസമിതിയിൽ ഉൾപ്പെടുത്തിയ നടപടി റിപ്പോർട്ട് ചെയ്തത് അംഗീകരിച്ചു.

(നമ്പർ: 01/2018/വി.സി. - വി.സി. കാര്യാലയം)

ഇനം നമ്പർ: **2022.08**

വിഷയം: **2022 മാർച്ച് 4 ന് ചേർന്ന ഗവേഷണസഭയുടെ പതിനാറാമത് യോഗതീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2022 മാർച്ച് 4 ന് ചേർന്ന ഗവേഷണസഭയുടെ പതിനാറാമത് യോഗതീരുമാനങ്ങൾ ചർച്ച ചെയ്തു അംഗീകരിച്ചു.

(225/2015/വി.സി. - വി.സി. കാര്യാലയം)

ഇനം നമ്പർ: **2022.09**

വിഷയം: **എഴുത്തച്ഛൻ പഠനസ്കൂളിന്റെ കീഴിൽ രൂപീകൃതമായ പരിഭാഷ-താരതമ്യ പഠനബോർഡ് 04.02.2022 ലെ 538/2015/വി.സി. എന്ന ഉത്തരവ് പ്രകാരം റദ്ദാക്കി തൽസ്ഥാനത്തേക്ക് എഴുത്തച്ഛൻ പഠനസ്കൂൾ പഠനബോർഡ് രൂപീകരിച്ച നടപടിയും 25.08.2021 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം പുതുതായി നിയമിതരായ അസോസിയേറ്റ് പ്രൊഫസർമാരെ അതത് പഠനബോർഡുകളിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട പഠനബോർഡുകൾ വിപുലീകരിക്കുകയും ചെയ്ത വൈസ് ചാൻസലറുടെ ഉത്തരവും സാധൂകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: എഴുത്തച്ഛൻ പഠനസ്കൂളിന്റെ കീഴിൽ രൂപീകൃതമായ പരിഭാഷ-താരതമ്യ പഠനബോർഡ് 04.02.2022 ലെ 538/2015/വി.സി. എന്ന ഉത്തരവ് പ്രകാരം റദ്ദാക്കി തൽസ്ഥാനത്തേക്ക് എഴുത്തച്ഛൻ പഠനസ്കൂൾ പഠനബോർഡ് രൂപീകരിച്ച നടപടിയും 25.08.2021 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം പുതുതായി നിയമിതരായ അസോസിയേറ്റ് പ്രൊഫസർമാരെ അതത് പഠനബോർഡുകളിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട പഠനബോർഡുകൾ വിപുലീകരിക്കുകയും ചെയ്ത വൈസ് ചാൻസലറുടെ ഉത്തരവും സാധൂകരിച്ചു.

(നമ്പർ: 538/2015/വി.സി. - വി.സി. കാര്യാലയം)

ഇനം നമ്പർ: **2022.10**

വിഷയം: **സർവകലാശാലയിലെ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലയിലെ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ ചട്ടം ഒ.ബി.ഇ-സി.ബി.സി.എസ് 2021 എന്ന് മാറ്റം വരുത്തി താഴെപറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു.

1. സർവകലാശാലയിൽ എം.എസ്.സി. പ്രോഗ്രാം തുടങ്ങിയ സാഹചര്യത്തിൽ പരീക്ഷാചട്ടങ്ങളിൽ എല്ലായിടത്തും എം.എ. എന്നതിനൊപ്പം എം.എസ്.സി എന്ന് കൂടി ചേർക്കേണ്ടതാണ്.
2. ഓരോ സ്കൂളും യു.ജി.സി. - നാക്ക് നിഷ്കർഷിക്കുന്ന തരത്തിൽ മൂല്യവർദ്ധിത വിഷയം (Value added Course) ആരംഭിക്കാൻ അംഗീകാരം നൽകി.
3. ഒ.ബി.ഇ. - സി.ബി.സി.എസ്. പാഠ്യപദ്ധതികൾ അംഗീകരിച്ചു.
4. ഒ.ബി.ഇ. (Outcome Based Education) എന്നത് 'ഫലോൻമുഖ വിദ്യാഭ്യാസം' എന്നും, പി.ഒ. (Programme Outcome) എന്നത് 'പൊതുഫലപ്രാപ്തി' എന്നും പി.എസ്.ഒ. (Programme Specific Outcome) എന്നത് 'പാഠ്യകേന്ദ്രിത ഫലപ്രാപ്തി' എന്നും സി.ഒ. (Course Outcome) എന്നത് പാഠ്യവിഷയ ഫലപ്രാപ്തി എന്നും മലയാളം പാഠ്യപദ്ധതികളിൽ രേഖപ്പെടുത്താൻ പണ്ഡിതസഭ അംഗീകാരം നൽകി.

(നമ്പർ: 1245/2019/ജനറൽ/പ.വി. - പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2022.11**

വിഷയം: **എം.എ. സംസ്കാരപൈതൃകപഠന പ്രോഗ്രാം പൂർത്തീകരിച്ച് തുല്യതാപരീക്ഷ എഴുതി വിജയിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: എം.എ. സംസ്കാരപൈതൃകപഠന പ്രോഗ്രാം പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ഒറ്റത്തവണ തുല്യതാപരീക്ഷ നടത്തി അതിൽ വിജയിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ നൽകാനുള്ള തീരുമാനം അംഗീകരിച്ചു. പൊതുസഭയുടെ അംഗീകാരത്തോടെ, വിതരണം ചെയ്ത സർട്ടിഫിക്കറ്റുകൾ നിയമാനുസൃതമായി തിരികെ വാങ്ങി റദ്ദു ചെയ്യാനും തുല്യതാപരീക്ഷ വിജയിച്ചവർക്ക് പുതിയ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനും ശുപാർശ ചെയ്തു.

(നമ്പർ: 3236/2020/പ.വി. - പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2022.12**

വിഷയം: **സർവകലാശാലയിൽ നിന്നും പിഎച്ച്.ഡി. ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് നൽകേണ്ട ബിരുദസർട്ടിഫിക്കറ്റിന്റെ മാതൃക അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: മാതൃകയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അംഗീകരിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ഡോ. ടി.ബി. വേണുഗോപാലപണിക്കർ, ഡോ. അശോക് ഡിക്രൂസ് എന്നിവരടങ്ങിയ കമ്മിറ്റിയെ യോഗം അധികാരപ്പെടുത്തി.

(1300/2019/പിഎച്ച്.ഡി./പ.വി. - പരീക്ഷാവിഭാഗം)

യോഗം ഉച്ചക്ക് ശേഷം 1.15 ന് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്